താമസിപ്പിക്കുന്നതിനുവേണ്ടി വയനാട്ടിൽനിന്നും കുറെ കുടുംബങ്ങളെ കൊണ്ടുവരിക യുണ്ടായി. ഈ സ്ഥലത്ത് കൊണ്ടു വന്ന സമയത്ത് ഈ ഭൂമി താമസയോഗ്യമല്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ കുടുംബങ്ങൾ തിരിച്ചു പോകുകയും അവർ വയനാട് കളക്ടറേറ്റിന്റെ മുമ്പിൽ പോയി കുത്തിയിരുപ്പ് സമരം നടത്തുകയും ചെയ്തു. ഈ കുടുംബങ്ങൾക്ക് ഭൂമി ലഭിക്കുമെന്ന് ഉറപ്പ് വരുത്തുവാനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? പി.സി.കെ.യുടെ ഭാഗമായിട്ടുള്ള ഭൂമി, താമസയോഗ്യമല്ലാത്ത ഭൂമി , അത് ആദിവാസികൾക്ക് നല്കുന്നതിനു വേണ്ടി മാറ്റിവച്ചതാണ്. അതിന് മാറ്റം വരുത്തി പകരം വേറെ ഭൂമി കണ്ടെത്തി കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ 304 കുടുംബങ്ങൾക്കാണ് ഭൂമി കിട്ടിയിരിക്കുന്നത്. കുറച്ച് വയനാട് ജില്ലയിലുണ്ട്. കുറച്ച് കോഴിക്കോട് ജില്ലയിലുണ്ട്. അതിൽ കുറെ ആളുകൾ സൗകര്യമില്ല എന്നു പറഞ്ഞ് മടങ്ങി പോയിട്ടുണ്ട്. ആ കാര്യം പരിശോധിച്ച് നമുക്ക് വേണ്ടത് ചെയ്യാം.

പമ്പാ മലിനീകരണ നിവാരണത്തിന് റിവർ ബോർഡ് രൂപീകരിക്കാൻ നടപടി

*2 [32] ശ്രീ. കെ. സി. വേണുഗോപാൽ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിന് ഒരു റിവർ ബോർഡ് രൂപീകരിക്കാനുദ്ദേശമുണ്ടോ;

(ബി) അതിന്റെ കർത്തവ്യങ്ങളെന്തൊക്കെയാണ്;

(സി) പണി തീർന്നു കഴിഞ്ഞ് അതിന്റെ മെയിന്റനൻസ്, മാലിന്യ ദൂരീകരണം മുതലായ കാര്യങ്ങൾ ആര് നടത്തണമെന്നാണ് ഇപ്പോഴത്തെ തീരുമാനം എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പമ്പാ മലിനീകരണ നിവാരണ പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ 12 പ്രവർത്തികളുടെ 18.45 കോടി രൂപ ചെലവു വരുന്ന പണികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ അതിന്റെ തുടർന്നുള്ള നടത്തിപ്പും അറ്റകുറ്റപണികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ഗവൺമെന്റിനു വേണ്ടി നിർവഹിക്കണമെന്നാണ് ഇപ്പോഴത്തെ തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, വളരെയേറെ പ്രതീക്ഷയോടെയാണ് പമ്പാ ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്. നമ്മുടെ പുണ്യ നദികളിലൊന്നായ പമ്പ ശുദ്ധീകരിക്കുന്നതിനു വേണ്ടിയും മലീനീകരണം തടയുന്നതിനു വേണ്ടിയുമുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതെങ്കിലും വളരെ നാമമാത്രമായ തുകയാണ് കേന്ദ്ര ഗവൺമെന്റ് നൽകിയത്. ഗംഗാ ആക്ഷൻ പ്ലാൻ പോലെയുള്ള പദ്ധതികൾക്ക് കോടാനുകോടി രൂപ ചെലവഴിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഇത്രയേറെ പ്രാധാന്യമുള്ള പമ്പാ നദിക്ക് തന്നത് വളരെ നോമിനലായ തുകയാണ്. യഥാർത്ഥത്തിൽ മണ്ഡല-മകര വിളക്കുകാലത്ത് പമ്പയുടെ ഫ്ളോ മലിനീകരണം കൊണ്ട് തടസ്സപ്പെടുന്നതു കാരണം അത് പരിസര പ്രദേശത്തേയും നദിയെ തന്നേയും മോശമാക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഇത് വിലയിരുത്തിയിട്ടുണ്ടോ? വിവിധ കാലഘട്ടങ്ങളിലെ ഫ്ളോ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ? പുതിയ കേന്ദ്ര ഗവൺമെന്റ് വന്ന സാഹചര്യത്തിൽ നമ്മൾ സമർപ്പിച്ച പമ്പാ ആക്ഷൻ പ്ലാനിന്റെ മുഴുവൻ തുകയും കിട്ടുന്നതിനു വേണ്ടിയുള്ള വല്ല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: പമ്പാ ആക്ഷൻ പ്ലാനിൽ സംസ്ഥാന ഗവൺമെന്റ് സബ്മിറ്റ് ചെയ്ത പ്രോജക്ട് എന്നു പറയുന്നത് 319.70 കോടി രൂപയുടെ ഒരു സ്കീമാണ്. അതിൽ നിന്നാണ് 18.45 കോടി രൂപയുടെ വർക്കിന് അനുമതി കിട്ടിയത്. ഇതിൽത്തന്നെ 30% സംസ്ഥാന ഗവൺമെന്റ് നൽകണം. അതാണ് കണ്ടീഷൻ. 70% കേന്ദ്ര ഗവൺമെന്റും 30% സംസ്ഥാന ഗവൺമെന്റും എന്നുള്ളതാണ് ആ സ്കീമിൽ പറഞ്ഞിരിക്കുന്നത്. 176 കിലോമീറ്റർ ദൈർഘ്യം പമ്പാ നദിക്കുണ്ട്. അപ്സ്ട്രീം മുതൽ ഡൗൺസ്ട്രീം വരെ (വേമ്പനാട്ട് കായലിൽ വന്നെത്തുന്ന ദൂരം വരെ) മലിനീകരണ നിവാരണം ഈ പ്രോജക്ടിന്റെ ഭാഗമായിത്തന്നെ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് ഫ്ളോ സംബന്ധിച്ചാണ്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് പമ്പയിൽ ഏറ്റവും കൂടുതൽ വെള്ളം കിട്ടേണ്ടത്. ഡിസംബറിലെ കണക്കനുസരിച്ച് കഴിഞ്ഞ സീസണിൽ കിട്ടിയിരിക്കുന്ന ഡിസ്ചാർജ്ജ് 151.47 മില്യൻ എം.ക്യൂബ് ആണ്. ജനുവരിയിൽ അത് 27.75 ആണ് (മഴയുടെ കുറവാണ്) ഫെബ്രുവരിയിൽ 23.38 ആണ്. ഇത് പരിഹരിക്കാൻ ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നുള്ളതാണ് പ്രധാനമായ സംഗതി. ഏതാനും ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ളവയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ ചില സാങ്കേതിക തടസ്സങ്ങളുണ്ട്. ഫോറസ്റ്റ് ഏരിയയാണ്. അതുപോലെ തന്നെ ടൈഗർ റിസർവ്വാണ്. അങ്ങനെ ചില സാങ്കേതിക പ്രശ്നങ്ങൾ ഇതിനകത്തുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: പമ്പാ നദിയുടെ മലിനീകരണം പമ്പയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഡൗൺസ്ട്രീം വേമ്പനാട്ട് കായലിലേയ്ക്കാണ് വരുന്നത്. കുട്ടനാടൻ പ്രദേശങ്ങൾ അടക്കമുള്ള ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിലൊക്കെത്തന്നെ പമ്പയുടെ മലിനീകരണം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ 12 പ്രവർത്തികൾ കൊടുത്തിരിക്കുന്നത് എവിടെയൊക്കെയാണ്? ഏതൊക്കെയാണ്? നേരത്തെ സൂചിപ്പിച്ചതുപോലെ വേമ്പനാട്ട് കായലും കുട്ടനാടൻ പ്രദേശങ്ങളും അടക്കമുള്ള പ്രദേശങ്ങളുടെ മലിനീകരണം

തടസ്സപ്പെടുത്തുന്നതിനുവേണ്ടിയുള്ള ബൃഹത്തായ പദ്ധതികൾ എന്തെങ്കിലും കേന്ദ്ര ഗവൺമെന്റിൽ കൊടുത്ത് അനുമതി വാങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? അതിന്റെ മറുപടി അങ്ങ് പറഞ്ഞില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ മൂന്ന് ഡിസ്ട്രിക്ടുകളിൽക്കൂടിയാണ് പമ്പാനദി ഒഴുകുന്നത്. അതിൽ മേജർ ടൗൺസ് പലതുമുണ്ട്. ആ ടൗണുകളിലെ സീവറേജ് പ്രശ്നങ്ങൾ, അവയുടെ ട്രീറ്റ്മെന്റ് ഇതെല്ലാം ഈ പ്രോജക്ടിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം വിശദീകരിച്ചു പറയാൻ ചോദ്യോത്തര സമയത്ത് സാധ്യമല്ല. 12 പ്രവർത്തികളെ സംബന്ധിച്ച് വളരെ സംക്ഷിപ്തമായി പറയാം. (1). ശബരിമലയിൽ പ്രതിദിനം മൂന്ന് ദശ ലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല ശുദ്ധീകരണശാല സ്ഥാപിക്കൽ (2). പമ്പയിൽ പ്രതിദിനം 1.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല ശുദ്ധീകരണശാല സ്ഥാപിക്കൽ (3) ശബരിമലയിലും പമ്പയിലും മലിനജലം ശേഖരിക്കാൻ വേണ്ടിയുള്ള പൈപ് ലൈൻ സംഭരണി, പമ്പ്ഹൗസ് എന്നിവ സ്ഥാപിക്കൽ (4) പമ്പയിൽ 300 കക്കൂസുകളും ശബരിമലയിൽ 400 കക്കൂസുകളും 100 കുളിമുറികളും സ്ഥാപിക്കൽ (5) ശബരിമലയിലും പമ്പയിലുമുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുവാനും നിർമ്മാർജ്ജനം ചെയ്യാനുമുള്ള പ്രവർത്തി (6) ശബരിമലയിലും പമ്പയിലും നിലവിലുള്ള ഓടകൾ വേർ തിരിച്ച് പുതിയവ സ്ഥാപിക്കൽ (7) ശബരിമലയിലും പമ്പയിലും മൊബൈൽ ലാട്രിൻ സ്ഥാപിക്കുക (8) പമ്പയിൽ കക്കാത്തോടിനും ഉരക്കുഴി തീർത്ഥത്തിനും കുറുകെ തടയണ നിർമ്മിക്കുക (9) പമ്പാ നദിയിലും കക്കി നദിയിലും സ്റ്റോറേജ് വിയേഴ്സ് സ്ഥാപിക്കുകയും അനുബന്ധ ജോലികളും (10) ആറാട്ടുകടവിൽ കുളിക്കടവിനു താഴെയായി അണ കെട്ടി നദിയിൽക്കൂടി പമ്പാനദിയിലെ കുളിക്കടവിൽ പ്രവേശിക്കുന്ന മാലിന്യങ്ങളെ തടയുക (11) പമ്പയിൽ പുതിയ കുളിക്കടവ് നിർമ്മിക്കുക (12) പൊതുജനബോധവൽക്കരണം.

ശ്രീമതി രാധാരാഘവൻ: സർ, ശബരിമല സീസൺ കാലത്ത് മലിനീകരണം ഉണ്ടാകാതിരിക്കാൻ വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

മി. സ്പീക്കർ: അത് നമുക്ക് ദേവസ്വം മന്ത്രിയോട് ചോദിക്കാം. You put another question.

ശ്രീമതി രാധാരാഘവൻ: സർ, ശബരിമലയിൽ മലിനീകരണം നിയന്ത്രിക്കാൻ വേണ്ടി കേന്ദ്രത്തിൽ നിന്ന് വല്ല സഹായവും കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, സന്നിധാനം മുതൽ പമ്പ വരെയുള്ള ഭാഗത്താണ് മുഖ്യമായ പ്രശ്നം ഉണ്ടായിരിക്കുന്നത്. തൽക്കാലം സന്നിധാനം മുതൽ പമ്പ വരെയുള്ള ഭാഗത്തെ ക്ളീനിംഗാണ് ഉദ്ദേശിക്കുന്നത്. ഖര മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനുള്ള സ്കീമുകൾ അതിലുണ്ട്. ഞാൻ ഇവിടെ വായിച്ച 12 സ്കീമുകളിൽ അതെല്ലാം കവർ ചെയ്തിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ, പമ്പാ മാലിന്യ നിവാരണത്തിനായുള്ള പമ്പാ റിവർ ബോർഡ് സ്വാഗതാർഹമാണ്. പക്ഷേ പമ്പാനദിയും മറ്റ് നദികളും നില നിൽക്കണമെങ്കിൽ അതിനുള്ള പശ്ചാത്തലം ഉണ്ടാകണം. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപ റിവർ മാനേജ്മെന്റ് ഫണ്ട് ആയി രൂപീകരിച്ചിട്ടുണ്ട്. ഈ റിവർ മാനേജ്മെന്റ് ഫണ്ട് യഥാർത്ഥത്തിൽ പല സ്ഥലത്തും ദുരുപയോഗം ചെയ്യുകയാണ്. ഏഴ് കോടി രൂപയാണ് കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിനുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. പക്ഷേ അവിടെ നദികളെ സംരക്ഷിക്കാൻ ഈ പണം പ്രയോജനപ്പെടുത്തുന്നില്ല. റിവർ മാനേജ്മെന്റ് ഫണ്ട് പമ്പ ഉൾപ്പെടെ പുഴകളുടെ സംരക്ഷണത്തിനു വേണ്ടി പ്രയോജനപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ? അങ്ങനെ പ്രയോജനപ്പെടുത്തുമ്പോൾ ഓരോ ജില്ലയിലുമുള്ള നദികളുമായി ബന്ധപ്പെട്ട എം.എൽ.എ. മാരുടെ അഭിപ്രായം തേടുന്നതിനും ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, റിവർ മാനേജ്മെന്റ് ഫണ്ടുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത് മണൽ വാരലിൽനിന്നു കിട്ടുന്ന സെസ്സാണ്. പമ്പാ നദിയിൽ മണൽ വാരലുണ്ട്. പമ്പാ നദിയുടെ തീരത്തുനിന്ന് മണൽ വാരിക്കിട്ടുന്ന സെസ്സിൽ നിന്നു കിട്ടുന്ന ഫണ്ടാണ് റിവർ മാനേജ്മെന്റ് ഫണ്ടായി ഉപയോഗിക്കുന്നത്. ജില്ലാ തലങ്ങളിൽ എക്സ്പെർട്ട് കമ്മിറ്റി അതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. ഈ റിവർ മാനേജ്മെന്റ് ഫണ്ട് എന്തിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തേണ്ടത് എന്ന് സ്പെസിഫിക്കായി നിയമത്തിൽ പറയുന്നുണ്ട്. റിവർ ബാങ്ക് പ്രൊട്ടക്ഷനാണ് അതിന്റെ മെയിൻ ആയ സംഗതി. ആ രീതിയിൽത്തന്നെ ആ പണം ഉപയോഗപ്പെടുത്തുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ബാബു: സർ, ഇന്ന് ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട നദിയായാണ് പെരിയാർ അറിയപ്പെടുന്നത്. പെരിയാറിന്റെ സംരക്ഷണത്തിനു വേണ്ടിയും മലിനീകരണം തടയുന്നതിനു വേണ്ടിയും എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? പെരിയാറിൽ നടക്കുന്ന വ്യാപകമായ മലിനീകരണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ഗവൺമെന്റ് നാല് മീഡിയം റിവേഴ്സിന്റെ ശുചീകരണവുമായി ബന്ധപ്പെട്ടാണ് സ്കീം തയ്യാറാക്കിയിരി ക്കുന്നത്. അതിൽ പെരിയാറും ഉണ്ട്. ആദ്യം തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് പെരിയാറിന്റെ ശുചീകരണത്തിനു വേണ്ടി ഏകദേശം 1000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രധാനമായും ഫാക്ടറികളിൽ നിന്നുള്ള ഡിസ്ചാർജ്ജും മേജർ ടൗണുകളിൽ നിന്ന് മാലിന്യങ്ങൾ പെരിയാറ്റിലേയ്ക്ക് ഒഴുക്കുന്നതുമാണ് പ്രശ്നം. അതെല്ലാം തടയാനുള്ള കുറേ സ്റ്റെപ്സ് ഗവൺമെന്റ് എടുത്തിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡും ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. ഇങ്ങനെയുള്ള മാലിന്യങ്ങൾ നദികളിലേയ്ക്ക് കൂടുതൽ വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലോക്കൽ ബോഡീസിനോട് പൊല്യൂഷൻ കൺട്രോൾ ബോർഡ് കാലാകാലങ്ങളിൽ അറിയിക്കാറുണ്ട്.

ശ്രീ. സാജു പോൾ: സർ, ഇവിടെ ഞാൻ ഉദ്ദേശിച്ച സംഗതി തന്നെയാണ് ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ചത്. അത് സംബന്ധിച്ച് മന്ത്രി പറഞ്ഞ മറുപടി ഒരു പ്രത്യേക ബോർഡ് നദികളുടെ മലിനീകരണം തടയുന്നതിനുവേണ്ടി രൂപീകരിക്കുന്നതിനേക്കാൾ നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ട് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

മതിയെന്നാണ്. റിവർ മാനേജ്മെന്റ് ഫണ്ട് ഇപ്പോൾ കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. റവന്യൂ വകുപ്പ് ഈ തുക എൻജിനീയറിംഗ് സംവിധാനമൊക്കെയുള്ള ജലവിഭവ വകുപ്പിന് കൈമാറുന്നതിനും പെരിയാറിന്റെ അടക്കമുള്ള നദികളുടെ സംരക്ഷണത്തിനും മലിനീകരണം തടയുന്നതിനും വേണ്ടി വിനിയോഗിക്കുന്നതിനുള്ള (ഈ രണ്ട് വകുപ്പുകളും തമ്മിലുള്ള ഏകോപനമോ അല്ലെങ്കിൽ ഈ തുക ജല വിഭവ വകുപ്പിനെ ഏൽപ്പിക്കുന്നതിനുമുള്ള സംവിധാനമോ) തീരുമാനമോ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? അതു സംബന്ധിച്ച് മുഖ്യമന്ത്രി തന്നെ ഒരു വിശദീകരണം നൽകിയാൽ തരക്കേടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. എം. ജേക്കബ്: റിവർ മാനേജ്മെന്റിന്റെ ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് ആക്ടിൽ സ്പെസിഫിക്കായിട്ട് പറയുന്നുണ്ട്. നിയമത്തിൽ പറയുന്നതിന് വിരുദ്ധമായി ഗവണ്മെന്റിന് ചെയ്യാൻ സാദ്ധ്യമല്ല. നിയമസഭയല്ലേ നിയമം പാസ്സാക്കുക. രണ്ടാമത്തെ ഇഷ്യൂ റിവർ പ്രൊട്ടക്ഷനെ സംബന്ധിച്ചിടത്തോളമാണ് അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതും അതിന്റെ നടപടികൾ സ്വീകരിക്കുന്നതുമെല്ലാം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റാണ്. അതിൽ തർക്കത്തിന്റെ വിഷയമില്ല. ഈ ഫണ്ട് യഥാർത്ഥ രൂപത്തിൽ നദികളുടെ സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കണമെന്നുള്ള കാര്യത്തിൽ ഗവണ്മെന്റിന് ഒരു കൺഫ്യൂഷനുമില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മാലിന്യം കുന്നു കൂടുന്നതായി അങ്ങ്തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏതാണ്ട് 9,000, മുതൽ 10,000 വരെ കോളിഫോം ബാക്ടീരിയ അവിടെ വെള്ളത്തിൽ വരുന്നതായി പഠനത്തിൽ കണ്ടിട്ടുണ്ട്. കുറേക്കൂടി കഴിയുമ്പോൾ പമ്പ മരിക്കുന്നു എന്നൊരു സ്റ്റേജിലേയ്ക്ക് വരും. ഇതിന് കൂടുതൽ പബ്ലിസിറ്റി ഉണ്ടായാൽ പ്രശ്നമാണ്. കാരണം കേരളത്തിനു പുറത്തുള്ള പിൽഗ്രിംസാണ് അവിടെ ധാരാളമായി വരുന്നത്. അവരിൽ ഒരു ഭയപ്പാട് ഉണ്ടാകുമെന്നുള്ളതുകൊണ്ട് നമുക്ക് കൂടുതൽ പ്രചരണം കൊടുക്കാൻ കഴിയുകയില്ല. അതേസമയം ഈ ജലം ശുദ്ധമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം തന്നെ തൊട്ടടുത്തുള്ള നദിയാണ് കല്ലടയാറ്. അവിടെ താഴത്തെ സ്ഥലങ്ങളിൽ നമ്മൾ കിണർ കുഴിച്ച് അവിടെ നിന്ന് ശുദ്ധജലം സംഭരിച്ച് കടമ്പനാട് പോലെയുള്ള സ്ഥലങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള പദ്ധതിയിട്ടിട്ടുണ്ട്. ഇവിടെ പുനലൂർ പേപ്പർ മില്ലിന്റെ പ്രവർത്തനം ആരംഭിച്ചാൽ അതിന്റെ അഴുക്കും സാധാരണ ഈ നദിയിലേയ്ക്കാണ് വരുക. ഈ രണ്ട് സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും ഈ നദികളെ നിലനിർത്തുന്നതിനുമുള്ള എന്തു പദ്ധതിയാണ് ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന് പമ്പയുടെ കാര്യം. രണ്ട് കല്ലടയുടെ കാര്യം. പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയയുടെ തോതും അതുപോലെ ഫേക്കൽ കോളിഫോം കൗണ്ടും വളരെ അലാമിംഗാണ്. അതിന്റെ കണക്ക് എന്റെ കൈയിലുണ്ട്. സാധാരണഗതിയിൽ ഒരു നിലയിലും നമുക്ക് ജനങ്ങളോട് പറയാൻ വയ്യാത്ത നിലയിലാണ് പമ്പയിലെ സ്ഥിതി. അത്ര അലാമിംഗായിട്ടുള്ള സാഹചര്യമാണ്. അതിന്റെ കണക്ക് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചു. മനുഷ്യന്റെ വിസർജ്ജ്യ സാധനങ്ങളാണ് ഇതിലേയ്ക്ക് വരുന്നത്. സീസൺ സമയത്ത് രണ്ട് കോടിയിലേറെ തീർത്ഥാടകർ അവിടെ വരുന്നുണ്ട്. അതിനു പുറമെ ആ പ്രദേശങ്ങളിൽ വസിക്കുന്ന മനുഷ്യരുമുണ്ട്. അവിടെ ആവശ്യത്തിന് ലാട്രിനില്ല. സ്വാഭാവികമായും മലമൂത്ര വിസർജ്ജനം നടത്തുമ്പോൾ അതുവഴി നദിയിലേയ്ക്ക് വരുന്ന മാലിന്യങ്ങൾ വളരെ കൂടുതലാണ്. അതുകൊണ്ടാണ് ഗവണ്മെന്റ് ഇപ്പോൾ മുൻകൈയെടുത്ത് പമ്പാ ആക്ഷൻ പ്ലാനിൽ സന്നിധാനം മുതൽ പമ്പ വരെയും, പമ്പയിൽ നിന്ന് ബാക്കിയുള്ള ഭാഗത്തേയ്ക്കും മനുഷ്യർ കടന്നു വരുന്ന പ്രദേശങ്ങളിലെല്ലാം കൂടുതൽ ലാട്രിൻ (പെർമനന്റായിട്ടുള്ളതും, ടെംപററിയായിട്ടുള്ളതും, മൊബൈൽ ലാട്രിനും) സ്ഥാപിക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അതുപോലെ സ്വിവറേജിന്റെ ട്രീറ്റ്മെന്റ് നടത്താനുള്ള രണ്ട് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കല്ലടയെക്കുറിച്ച് പറഞ്ഞത്, പുനലൂർ പേപ്പർ മില്ലിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ അവിടെ നിന്നു വരുന്ന ഡിസ്ച്ചാർജ്ജിനെക്കുറിച്ചാണ്. അത് പോലൂഷൻ കൺട്രോൾ ബോർഡ് പ്രത്യേകമായി ശ്രദ്ധിക്കും. കാരണം വെള്ളം അല്ലെങ്കിൽ ഡിസ്ച്ചാർജ്ജ് വിടുന്ന സമയത്ത് ഏത് ലവലിലുള്ള പ്യൂരിഫിക്കേഷൻ നടത്തണമെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡിന് ഒരു നിബന്ധനയുണ്ട്. അതിന് വിധേയമായി ചെയ്യാൻ കഴിയും. അത് പ്രത്യേകമായി പാലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. മോഹൻ കുമാർ: ഇവിടെ പറഞ്ഞതുപോലെ കേരളത്തിലെ മൊത്തം ജനസംഖ്യക്ക് തുല്യമായ ഭക്തജനങ്ങളാണ് ഉൽസവ കാലങ്ങളിൽ പമ്പാ തടത്തിലും സന്നിധാനത്തിലും എത്തിച്ചേരുന്നത്. ആന്ധ്രാപ്രദേശിലേയും തമിഴ്നാടിലേയും നിയമസഭകളിൽ ഭക്തജനങ്ങൾക്ക് ശബരിമലയിൽ അനുഭവപ്പെടുന്ന അപരിഷ്കൃതമായ സാഹചര്യങ്ങളെക്കുറിച്ച് ചർച്ചകളുണ്ടായത് നമുക്ക് അഭിമാനകരമല്ല. വ്രതദീക്ഷയോടുകൂടി എത്തിച്ചേരുന്ന ഭക്തജനങ്ങളെ വ്യണപ്പെടുത്തുന്ന പല അനുഭവങ്ങളാണ് പമ്പ തടത്തിൽ ഉണ്ടാകുന്നത്. ആചാരപ്രകാരവും, വളരെ വിശുദ്ധിയോടെയും നടത്തേണ്ട പമ്പാ സ്നാനം നിർവഹിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന സാഹചര്യങ്ങളുണ്ട്. അത് ഒഴിവാക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കേന്ദ്ര ഗവണ്മെന്റുമായി ആലോചിച്ചും, വനഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഫോറസ്റ്റ് വകുപ്പുമായി ആലോചിച്ചും, തടയണകൾ കെട്ടി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാനുള്ള നോഡൽ ഏജൻസിയായിട്ട് കേരള വാട്ടർ അതോറിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. അതിനു പുറമെ, ജല വിഭവ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റിയുണ്ട്, വേറൊരു മോണിറ്ററിംഗ് കമ്മിറ്റി ഉദ്യോഗസ്ഥന്മാരുടെ ലവലിൽ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെല്ലാം ആ കമ്മിറ്റിയിൽ വരികയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 3.065 ഹെക്ടർ വനഭൂമി ഞാൻ ആദ്യം പറഞ്ഞ സ്കീമുകൾ നടപ്പാക്കുന്നതിന് വേണ്ടിവരും. അതിന്റെ കമ്മ്യൂണിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റ് ഫണ്ട് കൂടിയുള്ള ഒരു പ്രോജക്ടായതുകൊണ്ടും ഇത്രയും തീർത്ഥാടകർ വരുന്ന ഒരു പ്രദേശമായതു കൊണ്ടും കേന്ദ്രഗവണ്മെന്റിന്റെ തടസ്സം ഉണ്ടാവുകയില്ല എന്നു തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: കേരളത്തിന്റെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ എത്തുന്ന ശബരിമലയിൽ അഴുക്കുചാലിൽ പമ്പാ സ്നാനം നടത്തേണ്ട സ്ഥിതിവിശേഷമാണ് കഴിഞ്ഞ വർഷമുണ്ടായത്. അതുപോലെ മിനറൽ വാട്ടറിലും പമ്പാ സ്നാനം നടത്തേണ്ട സ്ഥിതി വിശേഷമുണ്ടായി. ഇവിടെ 319 കോടി രൂപയുടെ സ്കീം കൊടുത്തിട്ട് 1-ാം ഘട്ടത്തിൽ ആവശ്യപ്പെട്ട ചെറിയ അംശം മാത്രമേ നമുക്ക് കേന്ദ്ര സഹായമായി കിട്ടിയിട്ടുള്ളൂ. അതുകൊണ്ട് ഇവിടെ നിന്നും ചോദിച്ച പണം പൂർണ്ണമായും കിട്ടാനും രണ്ടും, മൂന്നും ഘട്ടങ്ങളിലായി അത് വാങ്ങിയെടുക്കാനുമുള്ള നടപടിയെടുക്കണം. ഈ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനത്തിന് ഡേറ്റ് ചോദിച്ചിട്ട് അതുപോലും കൊടുത്തിട്ടില്ല. അങ്ങയുടെ ഭാഗത്തുനിന്നും മുൻകൈയെടുത്തുകൊണ്ട് വളരെ സിസ്റ്റമാറ്റിക്കായ നടപടിയുണ്ടാകണം.

ശ്രീ. ടി. എം. ജേക്കബ്: ഈ സ്കീമിന്റെ മുഴുവൻ കാര്യങ്ങളും ശ്രീ. രാജു എബ്രഹാമിനറിയാം. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ് ശബരിമല സ്ഥിതിചെയ്യുന്നത്. അതിന്റെ താഴെ പമ്പാ സ്നാനം നടക്കുന്ന പ്രദേശത്ത് ഈ സ്കീം വരുന്നതിനു മുമ്പ് തന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചെക്ക് ഡാം കെട്ടി. കൂടുതൽ ചെക്ക് ഡാമുകൾ സ്റ്റേറ്റ് ഫണ്ടിൽ നിന്നുതന്നെ കെട്ടാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. പക്ഷെ, ഇതിൽ സാങ്കേതിക പ്രശ്നമെന്നു പറയുന്നത് ഇത് ടൈഗർ റിസർവ്വാണ്. അതുകൊണ്ട് ക്ളിയറൻസ് കിട്ടാൻ വളരെ വിഷമമാണ്. ഇതു സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിലേയ്ക്ക് എഴുതിയിട്ടുണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. നിയമസഭാ കമ്മിറ്റിയും പാർലമെന്റ് കമ്മിറ്റിയും ഈ കാര്യത്തിൽ ഏകകണ്ഠമായ ശുപാർശ ചെയ്തിട്ടുപോലും കേന്ദ്ര ഗവണ്മെന്റിന്റെ ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് മിനിസ്ട്രിയുടെ ക്ളിയറൻസ് കിട്ടാത്ത പ്രശ്നമുണ്ട്. ആ വിഷയം ഉള്ളതുകൊണ്ടാണ് ഇതിന്റെ മുഖ്യമായ തടസ്സം വന്നിരിക്കുന്നത്. സാങ്ഷനായി കിട്ടിയ പണത്തിന്റെ വർക്കുകൾ ടെന്റർ ചെയ്തു. അതു സംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോവുകയാണ്. കേന്ദ്ര ഗവണ്മെന്റ് സ്കീമാണ്. കേന്ദ്രത്തിൽ നിന്നും ഒരു മന്ത്രിയും കൂടെ വന്ന് അതിന്റെ ഉദ്ഘാടനം ചെയ്യുന്നതാണ് നല്ലത് എന്നു തോന്നിയാണ് അവരോട് ഡേറ്റ് ചോദിച്ചത് അവർ ഡേറ്റ് തന്നില്ല. നമുക്ക് ഉദ്ഘാടനം നടത്തണമെങ്കിൽ നടത്താം. ഇല്ലെങ്കിലും കാര്യം നന്നായാൽ മതിയല്ലോ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പമ്പാ ആക്ഷൻ പ്ളാനിന്റെ തുടക്കത്തിലുള്ള ജോലികൾ ടെന്റർ ചെയ്തുവെന്ന് മിനിസ്റ്റർ സൂചിപ്പിക്കുകയുണ്ടായി. മൂന്നു ഘട്ടമായി നടപ്പാക്കേണ്ട പദ്ധതി എത്ര നാളുകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? ഇതിൽ 30 ശതമാനം സംസ്ഥാന വിഹിതമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ സംസ്ഥാന വിഹിതം സംബന്ധിച്ച് എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ട് കാലതാമസം ഉണ്ടായിട്ടുണ്ടോ? മൂന്ന് ഘട്ടങ്ങളുടേയും പൂർത്തീകരണം എന്ന് നടത്താനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടില്ല. ആദ്യം കേന്ദ്ര ഗവണ്മെന്റ് 18.45 കോടി രൂപയുടെ അനുമതി നൽകിയത് 2-5-2003-ലാണ്. സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതമായി ഇതിനോടനുബന്ധിച്ചുവരുന്ന എമൗണ്ടിന്റെ 30 ശതമാനം നമ്മൾ കെട്ടണം. അതു സംബന്ധിച്ചുള്ള നടപടികൾ 17-9-2003-ൽ പൂർത്തിയായി. ഇതിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പണം ലഭ്യമായാൽ രണ്ടോ, മൂന്നോ, നാലോ വർഷം കൊണ്ട് ഇത് പൂർത്തിയാക്കാൻ സാധിക്കും. കേന്ദ്ര ഗവണ്മെന്റാണ് 70 ശതമാനം തരേണ്ടത്. അവരോട് നമ്മൾ അറിയിച്ചിരിക്കുന്നത് എപ്പോൾ അവർ 70 ശതമാനം തന്നാലും തത്തുല്യമായ 30 ശതമാനം, നമ്മൾ നൽകാമെന്നാണ്. കേന്ദ്ര വിഹിതം കിട്ടുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം കൊടുക്കും. സംസ്ഥാനത്തിന് പണം കൊടുക്കാൻ യാതൊരു തടസ്സവും താമസവും ഉണ്ടായിട്ടില്ല.

ശ്രി. ഡി. സുഗതൻ: പമ്പാ ആക്ഷൻ പ്ലാനിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ശബരിമലയുമായി ബന്ധപ്പെട്ട് പമ്പയിലെ കാര്യങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ നദിയുടെ ഒഴുക്ക് അവസാനിക്കുന്നത് എന്റെ മണ്ഡലത്തിൽ, വേമ്പനാട്ട് കായലിലാണ് അവസാനിക്കുന്നത്. ഈ മാലിന്യം മുഴുവൻ വന്ന് ഡെപ്പോസിറ്റ് ചെയ്യുന്നത് അവിടെയാണ്. കണക്കനുസരിച്ച് ഏതാണ്ട് 50 വർഷം കഴിഞ്ഞാൽ വേമ്പനാട്ട് കായൽതന്നെ ഇല്ലാതെയാകും. കുട്ടനാടിന്റെ സംസ്കൃതിയും ഭാവിയും വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെടുത്തി ഒരു വേമ്പനാട്ട് ആക്ഷൻ പ്ലാൻ നടപ്പാക്കാൻ എന്തെങ്കിലും നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ആലോചിക്കുന്നുണ്ടോ? അതുപോലെ നദി കടന്നു വരുന്ന വഴിയിലുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇതെല്ലാം ഈ പ്രോജക്ടിന്റെ ആക്ഷൻ പ്ലാനിൽ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ നദി കടന്നു പോകുന്ന സ്ഥലത്ത് മേജർ ടൗണുകളായിട്ട് 12 എണ്ണം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. എടത്വ ഉൾപ്പെടെയുള്ള ആ ടൗണുകളെല്ലാം വേമ്പനാട്ട് കായലിലാണ് അവസാനിക്കുന്നത്. ശ്രീ. സുഗതൻ പറഞ്ഞതുപോലെ വേമ്പനാട്ട് കായലിലുണ്ടാകുന്ന പൊല്യൂഷനടക്കമുള്ള വിഷയങ്ങൾ ഈ പ്രോജക്ടിൽ വന്നിട്ടുണ്ട്. അത് സ്കീമിന് സാങ്ഷൻ കിട്ടുന്ന മുറയ്ക്ക് നമുക്ക് നടപടികൾ സ്വീകരിക്കാം.

ശ്രീ. ബി. വിജയകുമാർ: മന്ത്രി പ്രഖ്യാപിച്ചതിൽ കൂടുതലും സന്നിധാനത്തിനും പമ്പയ്ക്കും ഇടയ്ക്കുള്ള പദ്ധതികളാണ്. ഈ പദ്ധതി നടപ്പാക്കിക്കഴിഞ്ഞാൽ കാലോചിതമായി ഇതിന്റെ മെയിന്റനൻസിന് എന്തെങ്കിലും സംവിധാനം ഉണ്ടോ? പ്രോപ്പർ മെയിന്റനൻസ് നടന്നില്ലായെങ്കിൽ ഇതുകൊണ്ട് ഒരു പ്രയോജനവും ഇല്ലാതെയാകും. അതിന് എന്ത് സംവിധാനമാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: മൂന്ന് ഏജൻസികളെയാണ് ഇതിന്റെ മെയിന്റനൻസിന് ഏർപ്പെടുത്തിയിരിക്കുന്നത്. സന്നിധാനം മുതൽ പമ്പ വരെ ദേവസ്വം ബോർഡും ഇറിഗേഷൻ സ്ട്രക്ച്ചേഴ്സ് വരുന്നത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും, സ്വിവറേജ് സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് കേരള വാട്ടർ അതോറിറ്റിയും—ഈ മൂന്ന് ഏജൻസികളെയാണ് മെയിന്റനൻസ് ഏൽപ്പിച്ചിരിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly